FMIS


# ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ
## ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്
## തിരുവനന്തപുരം

website: www. Forest.kerala.gov.in, Email: fibnews@gmail.com, Ph. 0471-2529145


## പത്രക്കുറിപ്പ്

തീയതി: 19.03.2021

**വന്യജീവി ആക്രമണ നഷ്ടപരിഹാരം:**
**അപേക്ഷകൾ ഓൺലൈൻ വഴി നൽകാം**

വന്യജീവി ആക്രമണങ്ങൾക്ക് വനംവകുപ്പ് നൽകുന്ന നഷ്ടപരിഹാരം ലഭിക്കുന്നതാനായുള്ള അപേക്ഷകൾ ഓൺലൈൻ വഴി സമർപ്പിക്കാം. ഇ ഡിസ്ട്രിക്ട് സൈറ്റിലൂടെയോ, അക്ഷയ കേന്ദ്രങ്ങൾ,വനംവകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റായ www.forest.kerrala.gov.in , https://edistrict.kerala.gov.in എന്നിവ മുഖേനയോ അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്. വന്യജീവി ആക്രമണത്തെതുടർന്നുള്ള ജീവഹാനി,സ്ഥിരം അംഗഭംഗം, പരിക്ക്, കൃഷി നാശം, വനത്തിനു പുറത്ത് വച്ച് പാമ്പു കടിയേറ്റുള്ള മരണം, എന്നിവയ്ക്കാണ് നിലവിൽ വനംവകുപ്പ് നഷ്ട പിരഹാരം നൽകിവരുന്നത്. വന്യജീവി ആക്രമണത്തെതുടർന്ന് ജീവഹാനി സംഭവിച്ചാൽ ആശ്രിതർക്ക് 10 ലക്ഷം രൂപയും, സ്ഥിരം അംഗഭംഗം സംഭവിച്ചാൽ 2 ലക്ഷം രൂപയും പരിക്കിന് ഒരു ലക്ഷം രൂപയും നഷ്ടപരിഹാരമായി നൽകും. പട്ടിക വർഗ വിഭാഗത്തിൽ പെടുന്നവർക്ക് സിവിൽ സർജൻ റാങ്കിൽ കുറയാത്ത മെഡിക്കൽ ഓഫീസറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ മുഴുവൻ ചികിത്സാ ചെലവും നഷ്ടപരിഹാരമായി നൽകും. കൃഷിനാശം, വീട്, കന്നുകാലി നഷ്ടം എന്നിവയ്ക്ക് മുഴുവൻ തുകയും പരമാവധി ഒരു ലക്ഷം രൂപയും വനംവകുപ്പ് നൽകും. വനത്തിന് പുറത്ത് വച്ച് പാമ്പു കടിയേറ്റുള്ള മരണം സംഭവിച്ചാൽ ആശ്രിതർക്ക് 2 ലക്ഷം രൂപ നഷ്ട പരിഹാരമായി ലഭിക്കും. ജീവഹാനി സംഭവിച്ചാൽ ഒരുവർഷത്തിനകവും, മറ്റു നഷ്ടങ്ങൾക്ക് ആറുമാസത്തിനകവും ബന്ധപ്പെട്ട രേഖകൾ സഹിതം അതത് റേഞ്ച് ഓഫീസർമാർക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്.

ഡോ. അഞ്ചൽ കൃഷ്ണകുമാർ
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ